(ബി) ഇപ്പോൾ ഏതെല്ലാം പദ്ധതികളുടെ പ്രവർത്തനമാണ് നടക്കുന്നത് ;

(സി) പൂർത്തിയാക്കപ്പെട്ട വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ചെറുകിട ജലസേചന പദ്ധതികൾ വെള്ളപ്പൊക്കംമൂലം കെടുതികൾ ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) വെള്ളപ്പൊക്ക സാധ്യത കൂടുതലുള്ള പ്രദേശങ്ങൾക്കായി പദ്ധതികൾ ആസൂത്രണം ചെയ്യുമോ ;

(എഫ്) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക കെടുതികൾ ഒഴിവാക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ ഫലപ്രദമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ഓരോ വർഷവും സംസ്ഥാന സർക്കാർ ബജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ നീക്കിവയ്ക്കുന്ന തുകകൾ കൊണ്ട് നദികളുടേയും പുഴകളുടേയും തീരം വെള്ളപ്പൊക്കത്തിൽനിന്ന് രക്ഷിക്കാനായുള്ള തീരസംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. ഇതുകൂടാതെ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഫ്ളഡ് മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് വെള്ളപ്പൊക്ക നിയന്ത്രണത്തിനും നിവാരണത്തിനും വേണ്ട പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(സി - ഇ) അവശ്യം വേണ്ട പദ്ധതികൾ ഏതെന്ന് നിർണ്ണയിച്ചതിനു ശേഷം യുക്തമായ തലത്തിൽ പരിശോധിച്ച്, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഇത്തരം പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളു.

(എഫ്) ജലസേചന വകുപ്പിനുകീഴിൽ തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കക്കെടുതികൾ ഒഴിവാക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ച പദ്ധതികൾമൂലം ഒരു പരിധിവരെ വെള്ളപ്പൊക്കക്കെടുതികൾ ഒഴിവാക്കുവാൻ സാധിച്ചിട്ടുണ്ട്.

**സ്പാൻ പദ്ധതിയിൻകീഴിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ**

**135 (5025)** ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ** വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശുദ്ധജല വിതരണത്തിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന 'സ്പാൻ' പദ്ധതിയിൻകീഴിൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ വർഷം എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) ഇതിനായി ഈ വർഷം എത്ര കോടി രൂപ സഹായധനം ലഭ്യമാക്കുമെന്നാണ് കരുതുന്നത് ;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയത് എന്ന് വിശദീകരിക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിക്കു പുറമേ കുടിവെള്ള പദ്ധതിക്കായി ഉത്തേജക പാക്കേജിന്റെ ഭാഗമായി ഈ വർഷം മറ്റെന്തൊക്കെ പ്രോജക്ടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(എഫ്) ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ജി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഈ വർഷം എന്തു തുക ചെലവഴിക്കും ?

ഉത്തരം

(എ) 99 പാക്കേജുകളായി ടെണ്ടർ ചെയ്ത 36 ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ 23 ടെണ്ടർ പാക്കേജുകൾ ഒഴികെയുള്ള ടെണ്ടറുകൾ തീർപ്പു കൽപ്പിക്കുകയും 36 പദ്ധതികളിൽ 21 പദ്ധതികൾ പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിടുന്നത്. ഇനിയും തീർപ്പ് കൽപ്പിക്കാനുള്ള ടെണ്ടറുകൾ തീർപ്പ് കൽപ്പിക്കുന്നതിനും പണികൾ ആരംഭിച്ച് പുരോഗതി കൈവരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) ഏകദേശം 150 കോടി രൂപ.

(സി) മേൽപ്പറഞ്ഞ 36 പദ്ധതികളിൽ 21 എണ്ണം നടപ്പുസാമ്പത്തിക വർഷവും ബാക്കിയുള്ളവ അടുത്ത സാമ്പത്തിക വർഷവും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) 99 പാക്കേജുകളായി ടെണ്ടർ ചെയ്ത 36 ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ 23 ടെണ്ടർ പാക്കേജുകൾ ഒഴികെയുള്ള ടെണ്ടറുകൾ തീർപ്പു കൽപ്പിച്ച് നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. തീർപ്പുകൽപ്പിക്കുവാനുള്ള പാക്കേജുകളുടെ ടെണ്ടറുകൾ അവസാന ഘട്ടത്തിലാണ്. മേൽപ്പറഞ്ഞ 36 പദ്ധതികളിൽ 4 പദ്ധതികൾ പൂർത്തിയാക്കി.

1. മണലൂർ കാരമുക്ക് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി-ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ.

2. ബേലൂരും സമീപ ഗ്രാമങ്ങളിലേയ്ക്കുമുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

3. മുന്നിയൂർ തേഞ്ഞിപ്പാലം, ചേലാമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ.

4. തിരൂരങ്ങാടി പഞ്ചായത്തിലെ വെണ്ണിയൂർ പ്രദേശത്തേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ.

5. കൊണ്ടോട്ടി, നെടിയിരുപ്പ് പ്രദേശങ്ങളിലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ.

ഇവയിൽ 3-ലും 4-ലും ഉൾപ്പെട്ട പദ്ധതികൾക്ക് ഫണ്ടിന്റെ ലഭ്യതക്കനുസൃതമായി ഭരണാനുമതിയും മറ്റ് രണ്ട് പദ്ധതികൾക്ക് പുതുക്കിയ ഭരണാനുമതിയും നൽകുകയും മറ്റ് പദ്ധതികളുടെ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിച്ചു വരുന്നു.

(എഫ്) രണ്ട് പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും മറ്റു പദ്ധതികളുടെ ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുമാണ്.

(ജി) ഭരണാനുമതി നൽകിയ മുന്നിയൂർ തേഞ്ഞിപ്പാലം, ചേലാമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് 158 ലക്ഷം രൂപയും തിരൂരങ്ങാടി പഞ്ചായത്തിലെ വെണ്ണിയൂർ പ്രദേശത്തേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 82.50 ലക്ഷം രൂപയുമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.

**എല്ലാ പഞ്ചായത്തിലും അണുവിമുക്ത കുടിവെള്ള വിതരണപദ്ധതി**

**136 (5026)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അണു വിമുക്ത കുടിവെള്ളം വിതരണം ചെയ്യുന്നതിന് പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് നബാർഡ് എത്ര കോടി രൂപയുടെ സഹായമാണ് പ്രഖ്യാപിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ രൂപരേഖ അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ വർഷം പ്രസ്തുത പദ്ധതിയിൻകീഴിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നാണ് കണക്കാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly